(ബി) പ്രസ്തുത ഇനത്തിൽ നിലവിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട് എന്നറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയിൽ എത്ര പേരെ സാമ്പത്തിക സഹായത്തിനായി കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തണമെന്ന നിരന്തരമായുള്ള ആവശ്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ആചാരസ്ഥാനികർക്ക് 800 രൂപ പ്രകാരവും കോലധാരികൾക്ക് 700 രൂപ പ്രകാരവും പ്രതിമാസ ധനസഹായം നല്കി വരുന്നുണ്ട്.

(ബി) ആറ് മാസം

(സി) 601 ആചാരസ്ഥാനികരേയും 89 കോലധാരികളേയും കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാരസ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം അനുവദിക്കുന്നതിലേക്കായി ബഡ്ജറ്റിൽ ഒരുകോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. കൂടുതൽ തുക വകകൊള്ളിച്ചാൽ മാത്രമേ പുതിയ അപേക്ഷകൾ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. കൂടുതൽ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിലേക്കായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡ് സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടിക ഗോത്രവർഗ്ഗക്കാർക്ക് നിയമനം

127 (2407) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലും സ്ഥാപനങ്ങളിലും പട്ടികജാതി പട്ടികഗോത്രവർഗക്കാർക്ക് നാമമാത്ര പ്രാതിനിധ്യം മാത്രമേ ഉള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൂടൽ മാണിക്യം ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്ര, ഭരണ നിർവ്വഹണ ജീവനക്കാരിൽ ഒരാൾ പോലും ഈ വിഭാഗത്തിൽ നിന്നുള്ളവരില്ലെന്നതും, ഗുരുവായൂർ ദേവസ്വത്തിനു കീഴിലെ ക്ഷേത്ര ജീവനക്കാരിൽ ആനക്കാർ, വാച്ച്മാൻ എന്നീ തസ്തികകളിൽ മാത്രവും കൊച്ചിൻ ദേവസ്വത്തിനു കീഴിലെ ക്ഷേത്ര ജീവനക്കാരിൽ അടിച്ചുതളി, കൗണ്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ മാത്രവും പട്ടികജാതി പട്ടികഗോത്രവിഭാഗത്തിൽപ്പെട്ടവരെ നിയമിച്ചിട്ടുള്ളവെന്നതും, മലബാർ, തിരുവിതാംകൂർ ദേവസ്വം ബോർഡുകൾക്ക് കീഴിലും സമാന സ്ഥിതിയാണെന്നതു കണക്കിലെടുത്തും അടിയന്തര തിരുത്തൽ നടപടിക്ക് തയ്യാറാകുമോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡു മുഖേന നിയമനം നടത്തുന്ന തസ്തികകളിലേക്ക് പട്ടികജാതി/പട്ടികഗോത്രവർഗ്ഗക്കാർക്കായി പ്രത്യേക റിക്രൂട്ട്മെന്റ് നടത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) ക്ഷേത്ര നിയമനങ്ങളിലും ദേവസ്വം ബോർഡിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിലും പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാർ ഒഴിവാക്കപ്പെട്ടിരിക്കുന്നത് അടിയന്തരമായി പരിഹരിക്കാൻ എന്ത് നടപടിയാണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; ഈ തസ്തികകളിൽ കൂടി സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേവസ്വങ്ങളും ദേവസ്വം ബോർഡുകളും സ്വന്തമായി നിയമന പ്രക്രിയ നടത്തിവന്നപ്പോൾ ചില ആരോപണങ്ങൾ ഉയർന്നുവരികയും ആയത് അന്വേഷിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷനെ നിയോഗിക്കുകയുമുണ്ടായി. കമ്മീഷൻ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകളിലെ നിയമനത്തിന് ഒരു ഏകീകൃത റിക്രൂട്ട്മെന്റ് രൂപീകരിക്കണമെന്നും ശിപാർശ ചെയ്യുകയുണ്ടായി. ഈ റിപ്പോർട്ട് ഹൈക്കോടതിയും അംഗീകരിച്ചിട്ടുണ്ട്. ഇതിനെത്തുടർന്നാണ് തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകളിലേയും ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിലേയും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പാരമ്പര്യ തസ്തികകളിലേയും ഒഴിവുകൾ ഒഴിച്ച് മറ്റ് തസ്തികകളിലേക്ക് അർഹരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിന് കേരള

LIBRARY ARCHIVES Kerala Legislative Assembly

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിതമായത്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയുള്ള നിയമനം നടപ്പിൽ വരുത്തുന്നതോടെ നിലവിലെ സ്ഥിതിക്ക് പരിഹാരമാകുന്നതാണ്. എന്നാൽ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ നിയമനാവകാശം അതാതു ക്ഷേത്രം ട്രസ്റ്റിമാരിൽ നിക്ഷിപ്തമാകയാൽ ട്രസ്റ്റിമാരുടെ അധികാരത്തിലുള്ള ക്ഷേത്രങ്ങളിലെ നിയമനങ്ങൾ നടത്തുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അധികാരമില്ലായെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 8-7-2015-ന് WP(C) 19644/15 നമ്പർ കേസ്സിൽ ഉത്തരവായിട്ടുണ്ട്.

(സി) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമന നടപടികൾ ആരംഭിച്ചതിനുശേഷം സംവരണത്തിലുണ്ടായിട്ടുള്ള യഥാർത്ഥ കുറവുകൾ കണ്ടെത്തിയതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ അതാത് മാനേജ്മെന്റുകൾക്ക് നടത്താമെന്ന നിലവിലെ വ്യവസ്ഥപ്രകാരം ദേവസ്വം ബോർഡുകൾക്കുകീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഇടപെടുന്നതിനുള്ള സാഹചര്യം പരിമിതമാണ്. എന്നാൽ ഗുരുവായൂർ ദേവസ്വത്തിൽ നേരിട്ടുള്ള നിയമനങ്ങളിൽ 10 ശതമാനം ഒഴിവുകൾ പട്ടികജാതി പട്ടികഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ളതായും ആയതിനാൽ ഗുരുവായൂർ ദേവസ്വത്തിനുകീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാർ ഒഴിവാക്കപ്പെടുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

ശബരിമല വരുമാനം

128 (2408) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷത്തെ മണ്ഡല കാലയളവിലും മകരവിളക്ക് കാലയളവിലുമായി ശബരിമലയിൽ ആകെ എത്ര കോടി രൂപ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് മുൻ വർഷത്തെക്കാൾ കൂടുതലോ കുറവോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 217,76,31,983 രൂപ.

(ബി) കുറവാണ്.

LIBRARY ARCHIVES Kerala Legislative Assembly